കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 1877/11/12/2025/റ്റി.വി.എം.**

ഹർജിക്കാരൻ : വി. വിജയകുമാർ കാർത്തിക
വെട്ടിയറ, നാവായിക്കുളം,
വർക്കല. തിരുവനന്തപുരം

എതിർകക്ഷി

**ഉത്തരവ് തിയതി : 05-05-2025**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിന്നും പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ഹർജിക്കാരന് 2022 ജനുവരി മാസം മുതൽ ഡിസംബർ മാസം വരെയുള്ള പെൻഷൻ ലഭിച്ചിട്ടില്ല എന്നാരോപിച്ച് ഹർജി ക്കാരൻ നേരത്തെ സമർപ്പിച്ച HRMP No. 46/11/12/2024 പരാതിയിൽ എത്രയും വേഗം പെൻഷൻ കുടിശ്ശിക കൊടുക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ഈ ഉത്തരവ് പാലിച്ചിട്ടില്ല എന്ന് ആരോപിച്ചു കൊണ്ടാണ് ഹർജിക്കാരൻ മേൽ നമ്പർ പരാതി സമർപ്പിച്ചിരിക്കുന്നത്.

2. പരാതിയിൽ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറി 1/4/2025 തീയതിയിലെ റിപ്പോർട്ട് നൽകി. ഹർജിക്കാരൻ സമയബന്ധിതമായി ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാലാണ് 2022 ജനുവരി മാസം മുതൽ 2022 ഡിസംബർ മാസം വരെയുള്ള പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതിരുന്നതെന്നും 2023 വർഷത്തെ പെൻഷൻ അനുവദിക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാൽ 2023 ജനുവരി മാസം മുതൽ നവംബർ മാസം വരെയുള്ള പ്രതിമാസ പെൻഷൻ ടിയാന് നൽകിയിട്ടുണ്ടെന്നും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ആയതിനാൽ 2023 നവംബർ മാസം വരെയുള്ള പെൻഷനെ നാളിതുവരെ വിതരണം ചെയ്തിട്ടുള്ളുവെന്നും സെസ് പിരിവ് കാര്യക്ഷമമാക്കി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ ഹജ്ജിക്കാരന് അർഹതപ്പെട്ട 2022 ജനുവരി മുതൽ ഡിസംബർ വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു.

3. കേസ് പരിഗണനക്കെടുത്ത സമയം ഹർജിക്കാരൻ ഹാജരായി പരാതി ആവർത്തിച്ചു. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ സാമ്പത്തിക പരാധീനതയാണ് ഹർജിക്കാരന് കുടിശിക പെൻഷൻ കൊടുക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത് എന്ന് കാണുന്നു. സെസ് പിരിവ് ഊർജ്ജിതമാക്കി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ 2022 ജനുവരി മാസം മുതൽ ഡിസംബർ മാസം വരെയുള്ള പെൻഷൻ കുടിശ്ശിക ഹർജിക്കാരന് അനുവദിക്കുന്നതാണ് എന്നുള്ള ബോർഡ് സെക്രട്ടറിയുടെ ഉറപ്പ് കമ്മീഷൻ രേഖപ്പെടുത്തുന്നു. പ്രസ്തുത ഉറപ്പ് എത്രയും പെട്ടെന്ന് പാലിച്ച് പരാതിക്ക് പരിഹാരം ഉണ്ടാക്കണമെന്ന് ബോർഡ് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരനും കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

ഒപ്പ്/-

**ജസ്റ്റിസ് അലക്സാണ്ടർ തോമസ്**

**ചെയർപേഴ്സൺ**

//ശരിപകർപ്പ്//

**രജിസ്ട്രാർ**